CKNR/5492/2016/C6

കണ്ണൂർ ജില്ല കലക്ടറുടെ 11 -07-2017 ലെ DCKNR/5492/2016/C6 നമ്പർ നടപടിക്രമം

(ഹാജർ : മിർ മുഹമ്മദ് അലി, ഐ.എ.എസ്സ്)

വിഷയം :- എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം കോസ്ററ് ഗാർഡ് അക്കാഡമിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലമെടുപ്പ്- സമുചിത സർക്കാർ തീരുമാനം പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന :- 1. പ്രൊജക്ട് ഓഫീസർ,കോസ്ററ് ഗാർഡ് അക്കാഡമിയുടെ 29-07-2016 ലെ 140/4 നമ്പർ അർത്ഥന

2. റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No.376/2016/RD നമ്പർ ഉത്തരവ്

3. റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) No.377/2016/RD നമ്പർ ഉത്തരവ്.

4. ചെയർമാൻ ,കയ്റോസ് ,കണ്ണൂരിന്റെ 15-032017 ലെ റിപ്പോർട്ട്.

5. ചെയർമാൻ വിദഗ്ധ ഗ്രൂപ്പിന്റെ റിപ്പോർട്ട്.

6. പ്രൊജക്ട് ഓഫീസർ,കോസ്ററ് ഗാർഡ് അക്കാഡമിയുടെ 03-07-2017 ലെ 140/4 (i) നമ്പർ കത്ത്.

എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം കോസ്ററ് ഗാർഡ് അക്കാഡമിയിലേക്കു നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിനും ,പുതിയ റോഡ് നിർമ്മിക്കുന്നതിനും വേണ്ടി കണ്ണൂർ താലൂക്കിലെ കല്ല്യാശ്ശേരി വില്ലേജിൽ റിസ.125/1 സി, 121/15, 116/2 എന്നീ സർവ്വെ നമ്പറുകളിൽ നിന്നും 2.22 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി പ്രൊജക്ട് ഓഫീസർ,കോസ്ററ് ഗാർഡ് അക്കാഡമി സൂചന (1) പ്രകാരം അർത്ഥന സമർപ്പിച്ചിരുന്നു.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാ കലക്ടറെ സമുചിത സർക്കാരായി പ്രഖ്യാപിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കയ്റോസ്,കണ്ണൂർ എന്ന ഏജൻസിയെ നിയമിക്കുകയും ,അതുപ്രകാരം ഏജൻസിയുടെ ചെയർമാൻ സൂചന (4) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി സൂചന(3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ ഗ്രൂപ്പിനെ രൂപീകരിച്ചിരുന്നു. വിദഗ്ധ ഗ്രൂപ്പ് ചെയർമാൻ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിൽ അക്കാഡമിയിലേക്ക് നിലവിലുള്ള റോഡ് വീതി കൂട്ടുമ്പോൾ സമീപത്തുള്ള വീടുകളിലേക്കുള്ള വഴി തടസ്സപ്പെടുത്താതെയും റോഡിന്റെ വശങ്ങളിലുള്ള വീടുകളിലേക്കുള്ള മതിയായസൌകര്യം പരിഗണിച്ച് വീടുകൾക്ക് മുൻവശത്തുള്ള ഭൂമി ഒഴിവാക്കി അലൈൻമെന്റ് പുനർനിർണ്ണയിക്കുന്നതിനും, പുതുതായി റോഡ് നിർമ്മിക്കുന്നതിന് റി.സ.116/2 സി യിൽപ്പെട്ട ഭൂമി ഏറ്റെടുക്കുമ്പോൾ വീട്ടിലേക്കുള്ള വഴി നഷ്ടപ്പെടുന്നതിന് നിയമപ്രകാരമുള്ള വഴി ഉറപ്പുവരുത്തുന്നതിനും സമിതി ശുപാർശ ചെയ്തിരുന്നു.വിദഗ്ധ ഗ്രൂപ്പിന്റെ ശുപാർശ പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ പുനർനിർണ്ണയിച്ച അലൈൻമെന്റ് സ്കെച്ച് സൂചന (6) പ്രകാരം പ്രൊജക്ട് ഓഫീസർ,കോസ്ററ് ഗാർഡ് അക്കാഡമി സമർപ്പിച്ചിട്ടുണ്ട്.

കോസ്ററ് ഗാർഡ് അക്കാഡമിയിലേക്കുള്ള ഗതാഗത സൌകര്യം സുഗമമാക്കുന്നതിനു വേണ്ടി അക്കാഡമി സ്ഥലത്തിന്റെ വടക്കേ ഗേറ്റിലേക്കുള്ള നിലവിലുള്ള റോഡിന്റെ അവസാനഭാഗം വീതി കൂട്ടേണ്ടതും, തെക്കുഭാഗത്തുള്ള ഗേറ്റിൽ നിന്നും നിലവിലുള്ള റോഡിലേക്ക് സുഗമമായ

ഗതാഗത സൌകര്യം ലഭ്യമാക്കുന്നതിനായി പുതിയ റോഡ് നിർമ്മിക്കേണ്ടതും അത്യാവശ്യമാണെന്ന് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിന് മേൽ പരാമർശിച്ചതല്ലാതെ മറ്റ് ഭൂമി ലഭ്യമല്ലെന്നും, പകരം ഭൂമി കണ്ടെത്തേണ്ട ആവശ്യമില്ലെന്നും ആരേയും കുടിയൊഴിപ്പിക്കേണ്ടാത്തതിനാൽ പുനരധിവാസ പ്രശ്നമില്ലെന്നും വിദഗ്ദ്ധ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിദഗ്ദ്ധ സമിതി ചൂണ്ടിക്കാണിച്ച നിബന്ധനകൾക്ക് വിധേയമായി കണ്ണൂർ താലൂക്കിലെ കല്ല്യാശ്ശേരി വില്ലേജിൽ റിസ.125/1 സി, 121/15, 116/2 എന്നീ സർവ്വെ നമ്പറുകളിൽ നിന്നും 2.22 ഏക്കർ ഭൂമി എൽ.എ.ആർ.ആർ ആക്ട് 2013 ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാ കലക്ടർ.

പകർപ്പ്:

1) റവന്യൂ ഡിവിഷണൽ ഓഫീസർ,തലശ്ശേരി.
2) തഹസിൽദാർ,കണ്ണൂർ
3) സ്പെഷ്യൽ തഹസിൽദാർ,എൽ.എ,ജനറൽ,തലശ്ശേരി.
4) സെക്രട്ടറി, കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്.
5) വില്ലേജ് ഓഫീസർ,കല്ല്യാശ്ശേരി.
6) പ്രൊജക്ട് ഓഫീസർ,കോസ്റ്റ് ഗാർഡ് അക്കാഡമി.